പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7163 16-07-2012- ൽ മറുപടിയ്ക്ക്

# ഇൻകൾകേറ്റ് പദ്ധതി

| ചോദ്യം<br>ശ്രീ.എം.എ.ബേബി: | ഉത്തരം<br>പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) ശാസ്ത്രരംഗത്ത് കഴിവുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ഈ രംഗത്ത് തുടരാനും പ്രഗത്ഭരായ യൂണിവേഴ്സിറ്റി അദ്ധ്യാപകരെ മെന്റർമാരാക്കി കൊണ്ട് പരിശീലനം നൽകാനുമായി രൂപപ്പെടുത്തിയിട്ടുള്ള ഇൻകൾകേറ്റ് പദ്ധതിയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ; | എ) 2012-13 - ലെ സംസ്ഥാന ബഡ്ജക്റ്റിൽ ഇൻകൾകെയ്റ്റ് പദ്ധതിയ്ക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ വിവിധ പരിപാടികൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും 25 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി ഗവേണിംഗ് ബോഡി അനുവദിച്ചിട്ടുണ്ട്. |
| ബി) ഈ പദ്ധതിയിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സവിശേഷ പഠനരീതിയാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | ബി) ഈ പദ്ധതിയിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിവിധ യൂണിവേഴ്സിറ്റികളിൽ പരിശീലനവും, ഇതിൽ നിന്ന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്കായി അഡ്വാൻസ്ഡ് സയൻസ് ക്യാംപുകൾ, പ്രഗത്ഭ ശാസ്ത്രജ്ഞരുമായി സംവദിക്കാനുള്ള അവസരങ്ങൾ, വിദഗ്ധ മെന്റർമാരുടെ കീഴിൽ പ്രോജക്ടുകൾ ചെയ്യുവാനുള്ള അവസരം, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനുമുള്ള അവസരം (സയൻസ് വോയേജ്) ശാസ്ത്രത്തിന്റെ നവീനമേഖലകൾ പരിചയപ്പെടുത്തുന്ന പരിശീലന പരിപാടികൾ, അഞ്ചു വർഷത്തേക്ക് സ്കോളർഷിപ്പ് തുക, ബുക്ക് അലവൻസ് മുതലായവ നൽകിവരുന്നു. |
| സി) ഇതിനോടകം എന്ത് തുക ഈ പദ്ധതിയ്ക്ക് വേണ്ടി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | സി) ഈ പദ്ധതിക്കുവേണ്ടി ഇതിനോടകം കഴിഞ്ഞ മൂന്നുവർഷങ്ങളിലായി മൊത്തം 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷം മേൽപ്പറഞ്ഞതുപോലെ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ